# കേരള സർവകലാശാല

നം.പി.ആർ.146/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പ്രാക്ടിക്കൽ പരീക്ഷ

2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.പി.എ (ഡാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 10,11 തീയതികളിൽ ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നു. വിശദവിവരം വെബ്സൈറ്റിൽ

## പരീക്ഷാഫലങ്ങൾ

2019 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ എക്കണോമിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് 2019 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി, 2015,2014,2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ജൂലൈ 15 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

2019 ജനുവരി മാസം നടന്ന മൂന്നാം സെമസ്റ്റർ സി.ആർ.സി.ബി.സി.എസ് ബികോം കൊമേഴ്സ് & ടൂറിസം & ട്രാവൽ മാനേജ്മെന്റ് ഫലം പ്രസിദ്ധീകരിച്ചു പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 15.

വിശദവിവരങ്ങൾ സർവ കലാശാല വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

2019 ഫെബ്രുവരി മാസം നടത്തിയ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് ഒൻപതാം സെമസ്റ്റർ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾ ടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (EJ X) ജൂലൈ 8 മുതൽ ജൂലൈ 11 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാക്കേണ്ടതാണ് .

## ജർമൻ സർട്ടിഫിക്കറ്റ് കോഴ്സിനും ഡിപ്ലോമ കോഴ്സിനും അപേക്ഷ ക്ഷണിച്ചു

ജർമൻ പഠന വകുപ്പ് നടത്തുന്ന ജർമൻ സർട്ടിഫിക്കറ്റ് കോഴ്സിനും ജർമൻ ഡിപ്ലോമ കോഴ്സിനും അപേക്ഷ ക്ഷണിച്ചു. ജർമൻ സർട്ടിഫിക്കറ്റ് കോഴ്സിന് അംഗീകൃത സർവകലാശാല ബിരുദം ആണ് യോഗ്യത. ജർമൻ ഡിപ്ലോമ കോഴ്സിന് അംഗീകൃത സർവകലാശാല ബിരുദതോടൊപ്പം കേരള സർവകലാശാല ജർമൻ പഠന വകുപ്പ് നടത്തുന്ന ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം അല്ലെങ്കിൽ സർവകലാശാല അംഗീകൃത തത്തുല്യ യോഗ്യത. അപേക്ഷാഫോറം ജർമൻ പഠന വകുപ്പിൽ നിന്ന് നേരിട്ട് ലഭിക്കും അപേക്ഷ ഫീസ് 25 രൂപയും രജിസ്ട്രേഷൻ ഫീസ് 100 രൂപയുമാണ്.പൂരിപ്പിച്ച അപേക്ഷകൾ പിഴയില്ലാതെ 2019 ജൂലൈ 12 വരെയും 50 രൂപ പിഴയോടെ ജൂലൈ 20 വരെയും 250 രൂപ പിഴയോടെ ജൂലൈ 26 വരെയും പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിലുള്ള ജർമൻ പഠന വകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

## റഷ്യൻ സർട്ടിഫിക്കറ്റ്, ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സുകൾക്കും റഷ്യൻ ഡിപ്ലോമ കോഴ്സിനും അപേക്ഷ ക്ഷണിച്ചു

റഷ്യൻ സർട്ടിഫിക്കറ്റ്, ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സുകൾക്കും റഷ്യൻ ഡിപ്ലോമ കോഴ്സിനും അപേക്ഷ ക്ഷണിച്ചു. റഷ്യൻ സർട്ടിഫിക്കറ്റ്, ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സുകൾക്ക് പ്ലസ് ടു/ പ്രീഡിഗ്രി ആണ് യോഗ്യത. ഡിപ്ലോമ കോഴ്സിന് കേരള സർവകലാശാല റഷ്യൻ പഠന വകുപ്പ് നടത്തുന്ന റഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം അല്ലെങ്കിൽ സർവ്വകലാശാല അംഗീകൃത തത്തുല്യ യോഗ്യത. അപേക്ഷാഫോറം റഷ്യൻ പഠന വകുപ്പിൽ നിന്നും നേരിട്ട് ലഭിക്കും.അപേക്ഷ ഫീസ് 25 രൂപയും രജിസ്ട്രേഷൻ ഫീസ് 100 രൂപയുമാണ്.പൂരിപ്പിച്ച അപേക്ഷകൾ പിഴയില്ലാതെ 2019 ജൂലൈ 12 വരെയും 50 രൂപ പിഴയോടെ ജൂലൈ 20 വരെയും 250 രൂപ പിഴയോടെ ജൂലൈ 26 വരെയും പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിലുള്ള റഷ്യൻ പഠന വകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം,

06-07-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098